# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.08.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷം, മരണ സംഖ്യ എട്ടായി. എട്ടു പേരെ കാണാതായി. 5700 ൽ അധികം പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ, ദുരിതബാധിതർക്ക് സർക്കാർ എല്ലാവിധ സഹായവും ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
2. കാലവർഷത്തെ തുടർന്നുള്ള ഏത് അടിയന്തിര സാഹചര്യവും നേരിടാൻ സർക്കാർ പൂർണ സജ്ജമാണെന്ന് റവന്യൂ മന്ത്രി എ.പി.അനിൽകുമാർ.
3. സംസ്ഥാനത്ത് ഇന്നും മഴ തുടരും. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ ഓറഞ്ച് ജാഗ്രത, കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് .
4. ലഹരിമുക്ത ഭാരതത്തിനായി യുവാക്കളെ അണിനിരത്തുന്ന നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിച്ചു.
5. സംസ്ഥാനത്ത് 73 ആയിരത്തിലധികം പൊതുവിഭാഗം റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയതിന്റെ വിതരണോദ്ഘാടനം നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും.
6. കോമൺവെൽത്ത് ഗെയിംസിൽ നാലാം സ്ഥാനത്തേക്ക് മുന്നേറി ഇന്ത്യ, മെഡൽ നേട്ടം 39 ആയി.

KNU TVPM

## നശാ മുക്ത് (ഇൻട്രോ)

വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് രാജ്യം കുതിക്കുമ്പോൾ ഇന്ത്യയിലെ യുവതലമുറ ശാരീരികക്ഷമതയും മാനസിക കരുത്തും ആത്മവിശ്വാസവുമുള്ളവരായി മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാൻ' പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവാക്കൾ എപ്പോഴും ലഹരിവസ്തുക്കളിൽ നിന്ന് അകന്നുനിൽക്കണമെന്നും ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ലഹരി ഉപയോഗത്തിനെതിരെയുള്ള നൂറ് ആഴ്ച നീളുന്ന ജനകീയ പ്രചാരണ പരിപാടിക്കാണ് ഇതോടെ രാജ്യത്ത് തുടക്കമാകുന്നത്. ലഹരിമുക്ത സമൂഹം എന്ന ലക്ഷ്യത്തോടെ എല്ലാ ഞായറാഴ്ചകളിലും ബോധവൽക്കരണവും പൊതുജന പങ്കാളിത്തവും ഉറപ്പാക്കുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

രാജ്യത്തെ 28,000 കേന്ദ്രങ്ങളിൽ നിന്നായി ഒരു കോടിയിലധികം യുവാക്കളാണ് പരിപാടിയിൽ പങ്കെടുത്തത്.

RNUTVPM

## മഴ

സംസ്ഥാനത്ത് വ്യാപക മഴ. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മഴ തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. മോശം കാലാവസ്ഥയെ തുടർന്ന് കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്. മഴക്കെടുതി രൂക്ഷമായ പശ്ചാത്തലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

## മുഖ്യമന്ത്രി-മഴക്കെടുതി

സംസ്ഥാനത്തെ മഴക്കെടുതി സംബന്ധിച്ച് റവന്യു മന്ത്രിയുമായും, ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുമായും, ജില്ലാ ഭരണകൂടവുമായും മുഖ്യമന്ത്രി വി ഡി സതീശൻ ആശയവിനിമയം നടത്തി. വെള്ളം കയറിയ സ്ഥലങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രാഷ്ട്രീയ പ്രവർത്തകരും സന്നദ്ധ സംഘടനകളും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ഏറ്റവും പുതിയ കണക്കനുസരിച്ച് എട്ട് മരണം സ്ഥിരീകരിച്ചു. എട്ടു പേരെ കാണാതായിട്ടുണ്ട്. 13 പേർക്ക് പരിക്കേറ്റു. 209 ദുരിതാശ്വാസ ക്യാമ്പുകളിലായി 5792 പേരെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. 27 വീടുകൾ പൂർണമായും 196 വീടുകൾ ഭാഗീകമായും തകർന്നു. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും വീടും ജീവനോപാദികളും നഷ്ടപ്പെട്ടവർക്കും സർക്കാർ സഹായം ഉറപ്പാക്കുമെന്നും അറിയിപ്പിൽ വ്യക്തമാക്കി.

RNU TVPM

## എ പി അനിൽകുമാർ

കാലവർഷത്തെ തുടർന്നുള്ള ഏത് അടിയന്തിര സാഹചര്യവും നേരിടാൻ സർക്കാർ പൂർണ സജ്ജമാണെന്ന് റവന്യൂ മന്ത്രി എ.പി.അനിൽകുമാർ. കാലവർഷം നേരിടാനുള്ള മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതായും ഇത് സംബന്ധിച്ച് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. മഴക്കെടുതിയിൽ മരണം സംഭവിച്ചവരുടെ ആശ്രിതർക്കും വീടുകൾക്കും കൃഷിക്കും നാശനഷ്ടം ഉണ്ടായവർക്കും പരമാവധി സഹായം സർക്കാർ ഉറപ്പു വരുത്തുമെന്നും മന്ത്രി അറിയിച്ചു. ആറന്മുള പോലുള്ള ചില പ്രദേശങ്ങളിൽ പ്രതീക്ഷിക്കാതെ കനത്ത മഴ തുടർന്നതാണ് വെള്ളപ്പൊക്കം പോലെയുള്ള സാഹചര്യം സൃഷ്ടിച്ചതെന്നും, എന്നാൽ അതിനുള്ള പരിഹാരം ഉടനടി കണ്ടെത്തിയതായും മന്ത്രി വ്യക്തമാക്കി.

## മഴ-ചെന്നിത്തല

മഴക്കെടുതിയുടെ സാഹചര്യത്തിൽ, എല്ലാവരുടെയും ജീവനും സുരക്ഷയ്ക്കുമാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഇതിനായി, കേരള പോലീസ്, ഫയർ ഫോഴ്സ്, ദുരന്തനിവാരണ സേനകൾ, പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ എന്നിവർ കർമ്മരംഗത്തുണ്ടെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, സാധ്യതയുള്ള പ്രദേശങ്ങളിൽ കഴിയുന്നവർ അധികൃതരുടെ നിർദ്ദേശപ്രകാരം സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറിത്താമസിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

## കോട്ടയം (ഇൻട്രോ)

കോട്ടയം ജില്ലയിൽ മഴയ്ക്ക് ശമനമുണ്ടെങ്കിലും നദികളിലെ ജലനിരപ്പ് താഴാത്തത് ആശങ്കയായി തുടരുന്നു. മീനച്ചിലാറ്റിലും മണിമലയാറ്റിലും ജലനിരപ്പ് ഇപ്പോഴും ഉയർന്ന നിലയിൽ തന്നെയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ

(ഹോൾഡ്-വോയ്സ്)

RJU TVPM

## പത്തനംതിട്ട മഴ

പത്തനംതിട്ട ജിലയിൽ കഴിഞ്ഞ ദിവസം പെയ്യത മഴയെത്തുടർന്ന് പല പ്രദേശങ്ങളും വെള്ളം കയറി. ജില്ലയിൽ 40 വീടുകൾ ഭാഗീകമായി തകർന്നു. ആറു താലൂക്കുകളിലായി 22 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. 567 പേരാണ് ക്യാമ്പിലുള്ളത്. നിറപുത്തരി പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും.പമ്പയിലെ അപകട സാധ്യത കണക്കിലെടുത്ത് ഭക്തർ പരമാവധി ദർശനം ഒഴിവാക്കണമെന്ന് തിരുവിതാംകൂർ ദേവസ്വംബോർഡ് അഭ്യർഥിച്ചു.

## മഴ തദ്ദേശ വകുപ്പ്

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ, ഏത് അടിയന്തര സാഹചര്യവും നേരിടാൻ പൂർണ്ണ സജ്ജമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ്. വിഷയം വിലയിരുത്തുന്നതിനും അടിയന്തര നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ്. അയ്യരുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. മഴക്കെടുതികൾ കാര്യക്ഷമമായി നേരിടുന്നതിന് മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാക്കാനും നിർദ്ദേശം നൽകി. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ഗർഭിണികൾ, തുടങ്ങിവരുടെ സുരക്ഷ ഉറപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

## വയനാട് മഴക്കെടുതി

വയനാട് ജില്ലയിൽ കനത്ത മഴയെ തുടർന്ന് 23 ദുരിതാശ്വാസ ക്യാമ്പുകളിലായി 1068 പേരെ മാറ്റി താമസിപ്പിച്ചു. വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിൽ വെള്ളപൊക്കം- മണ്ണിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിലെ ആളുകളെയാണ് മാറ്റിതാമസിപ്പിച്ചത്.

## കോഴിക്കോട് മഴ(intro)

രണ്ടുദിവസമായി തുടർച്ചയായി പെയ്യുന്ന കനത്ത മഴയിൽ കോഴിക്കോട് ജില്ലയിൽ പലയിടത്തും വെള്ളക്കെട്ട് രൂക്ഷം. തീരദേശങ്ങളിൽ ഉള്ള വീടുകളിലും ഗ്രാമീണ റോഡുകളും വെള്ളം കയറി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയ്സ്)

RNU TVPM

## കണ്ണൂർ -മഴ

കണ്ണൂർ ജില്ലയിൽ ഇന്ന് മഴയ്ക്ക് ശമനമുണ്ടെങ്കിലും മഴക്കെടുതി തുടരുകയാണ്.

ജില്ലയിലെ 32 വില്ലേജുകളെയാണ് മഴ സാരമായി ബാധിച്ചത്. 12 വില്ലേജുകളിൽ നാശനഷ്ടം ഉണ്ടായി. 47 വീടുകൾ ഭാഗികമായി തകർന്നു. ജില്ലയിൽ 18 ദുരിതാശ്വാസ ക്യാമ്പുകൾ ആണ് പ്രവർത്തിക്കുന്നത്. 676 പേരെ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു. ഒഴുക്കിൽപ്പെട്ട് രണ്ടുപേരെ കാണാതായി. ഇവർക്കായുള്ള തിരച്ചിൽ രാവിലെ പുനരാരംഭിച്ചു.

## മുതലപ്പൊഴി

തിരുവനന്തപുരം മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞുണ്ടായ അപകടത്തിൽ കാണാതായ അഞ്ചുതെങ്ങ് സ്വദേശി ഫ്രീമോന്റെ മൃതദേഹം കണ്ടെത്തി. അപകടസ്ഥലത്തു നിന്നും ഏകദേശം 22 കിലോമീറ്ററോളം അകലെ നിന്ന് ഇന്ന് രാവിലെയാണ് മൃതദേഹം കണ്ടെത്തിയത്. കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയാണ് ഫ്രീമോൻ ഉൾപ്പെട്ട സംഘം സഞ്ചരിച്ചിരുന്ന വള്ളം അപകടത്തിൽപ്പെട്ടത്.

RNU TVPM

## തെരച്ചിൽ തുടരുന്നു

കൊല്ലത്ത് രണ്ട് അപകടങ്ങളിലായി കടലിൽ കാണാതായ രണ്ട് മത്സ്യത്തൊഴിലാളികൾക്കായി തെരച്ചിൽ തുടരുന്നു. കന്യാകുമാരി സ്വദേശി അർജ്ജുൻ, പുത്തൻതുറ സ്വദേശി ഗൗതം എന്നിവരെയാണ് കണ്ടെത്താനുള്ളത്. മറൈൻ എൻഫോഴ്സ്മെൻ്റും, കോസ്റ്റൽ പോലീസുമാണ് തെരച്ചിൽ നടത്തുന്നത്.

## മുൻഗണനാ റേഷൻ കാർഡ്-ഉദ്ഘാടനം

പൊതുവിഭാഗം റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം നാളെ രാവിലെ 11ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. അർഹരായ 73,024

കുടുംബങ്ങൾക്കാണ് മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നത്. ഈ മാസം മുതലുള്ള സൗജന്യ റേഷൻ വിതരണോദ്ഘാടനവും ചടങ്ങിൽ നടക്കും.

## കോമൺവെൽത്ത്

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിന്റെ പത്താം ദിനത്തിൽ ഉജ്ജ്വല മുന്നേറ്റവുമായി ഇന്ത്യ. നാല് കായിക ഇനങ്ങളിലായി 16 മെഡലുകൾ വാരിക്കൂട്ടി മെഡൽ പട്ടികയിൽ ഇന്ത്യ നാലാം സ്ഥാനത്തേക്ക് ഉയർന്നു. 13 സ്വർണ്ണവും 17 വെള്ളിയും 9 വെങ്കലവുമടക്കം ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 39 ആയി. 10 മെഡലുകൾ നേടിയ ബോക്സിംഗ് സംഘമാണ് മെഡൽ വേട്ടയ്ക്ക് നേതൃത്വം നൽകിയത്. പുരുഷന്മാരുടെ പാരാ ഷോട്ട്പുട്ടിലും ട്രിപ്പിൾ ജമ്പിലും ഇന്ത്യ രണ്ട് മെഡലുകൾ വീതം സ്വന്തമാക്കിയപ്പോൾ, ജൂഡോയിലും അത്‌ലറ്റിക്സിലും ഓരോ മെഡൽ വീതവും കരസ്ഥമാക്കി. മെഡൽ നേടിയ കായികതാരങ്ങളെ രാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള പ്രമുഖർ അഭിനന്ദിച്ചു.

RNU TVPM